"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

പൊതുവിദ്യാഭ്യാസ വകപ്പ് - സർക്കാർ ഏറ്റെടുത്ത പരിയാരം മെഡിക്കൽ കോളേജ് പബ്ലിക് സ്കൂളിൽ തസ്തികകൾ സൃഷ്ടിച്ചും പ്രസ്തുത സ്കൂളിൽ നിലവിൽ ജോലി നോക്കുന്ന നിശ്ചിത യോഗ്യതയുള്ള പ്രായപരിധിയ്ക്കകത്തുള്ള ജീവനക്കാരെ സർക്കാർ സർവ്വീസിൽ നിയമിക്കുന്നതിന് അനുമതി നല്കിയും ഉത്തരവ് പുറപ്പെടുവിക്കുന്നു.

പൊതുവിദ്യാഭ്യാസ(എൻ) വകുപ്പ്

സ.ഉ.(കൈ) നം.117/2022/GEDN തീയതി,തിരുവനന്തപുരം, 02-07-2022

പരാമർശം:-

1. സ.ഉ(സാധാ)നം.145/2016/പൊവിവ തീയതി 30.08.2016
2. ഗസറ്റ് വിജ്ഞാപനം നം.554 തീയതി 02.03.2019
3. സ.ഉ(കൈ)നം.43/2019/ആ.കു.വ തീയതി 18.03.2019
4. സ.ഉ(സാധാ)നം.5039/2019/പൊ.വി.വ തീയതി 22.11.2019
5. സ.ഉ(സാധാ)നം.2804/2020/പൊവിവ തീയതി 16.10.2020
6. ഒ.എ.നം.1673/2020 ൽ 09.11.2020 ലെ ഇടക്കാലവിധി
7. സ.ഉ(സാധാ)നം.1047/2021/പൊ.വി.വ തീയതി 03.02.2021
8. സ.ഉ(സാധാ)നം.2011/2021/പൊവിവ തീയതി 26.02.2021
9. 11.10.2021 ന് ബഹു.മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിന്റെ മിനിട്ട്സ്
10. ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ എ5/3607/2019 തീയതി 15.03.2021 നം.നടപടിക്രമം
11. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 07.01.2020, 12.10.2021 , 21.05.2022 എന്നീ തീയതികളിലെ എൻ.എസ്(2)/4995/2019/ഡിജിഇ നം.കത്തുകൾ
12. കണ്ണൂർ വിദ്യാഭ്യാസ ഉപഡയറക്ടറുടെ 10.11.2021, 19.11.2021 എന്നീ തീയതികളിലെ എ1/15783/2020 നം.കത്തുകൾ

ഉത്തരവ്

കോ-ഓപ്പറേറ്റീവ് ഹോസ്പിറ്റൽ കോംപ്ലക്സ് ആന്റ് അക്കാഡമി ഓഫ് മെഡിക്കൽ സയൻസും അനുബന്ധസ്ഥാപനങ്ങളായ പരിയാരം മെഡിക്കൽകോളേജ് പബ്ലിക് സ്കൂൾ ഉൾപ്പെടെയുള്ള സ്ഥാപനങ്ങളും സർക്കാരിൽ നിക്ഷിപ്തമാക്കാൻ പരാമർശം 2 പ്രകാരം ഓർഡിനൻസ് പാസ്സാക്കുകയും തുടർന്ന് അൺ എയ്ഡഡ് സ്കൂളായ പരിയാരം മെഡിക്കൽ കോളേജ് പബ്ളിക് സ്കൂളിനെ പൊതുവിദ്യാഭ്യാസ മേഖലയിൽ നടത്തിക്കൊണ്ടു പോകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനായി ടി സ്കൂളിനെ പരാമർശം 3

പ്രകാരം പൊതുവിദ്യാഭ്യാസ വകുപ്പിന് കൈമാറുകയുണ്ടായി. പരാമർശം 5 പ്രകാരം ടി സ്കൂളിലെ ജീവനക്കാർക്ക് നിലവിലുള്ള വ്യവസ്ഥകൾ പ്രകാരം ദിവസ വേതനം അനുവദിച്ച് കൊണ്ടും സ്കൂൾ നടത്തിപ്പുമായി ബന്ധപ്പെട്ട ചുമതല കണ്ണൂർ ഉപ വിദ്യാഭ്യാസ ഡയറക്ടർക്ക് നല്കിക്കൊണ്ടും ഉത്തരവായി.

2. തളിപ്പറമ്പ് ജില്ലാ വിദ്യാഭ്യാസ ഓഫീസർ പരാമർശം 10 പ്രകാരം 2019-20 അധ്യയന വർഷത്തെ കുട്ടികളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ സ്റ്റാഫ് ഫിക്സേഷൻ നടത്തുകയും താഴെപ്പറയുന്ന 25 തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള അർഹത വ്യക്തമാക്കുകയും ചെയ്തു.

Sl.No.	**Posts**	**Number**
1	HEADMASTER	1
2	HST PHYSICAL SCIENCE	1
3	HST NATURAL SCIENCE	1
4	HST MATHEMATICS	1
5	HST SOCIAL SCIENCE	1
6	HST MALAYALAM	1
7	HST HINDI	1
8	UPST	6
9	LPST	8
9	CLERK	1
10	OFFICE ATTENDANT	2
11	FTM	1
	TOTAL	**25**

3. മേൽപ്പറഞ്ഞ സ്റ്റാഫ് ഫിക്സേഷന്റെ അടിസ്ഥാനത്തിൽ പരിയാരം മെഡിക്കൽ കോളേജ് പബ്ളിക് സ്കൂളിൽ തസ്തികകൾ സൃഷ്ടിക്കുവാനും അർഹതയുള്ള ജീവനക്കാരെ സർക്കാർ സർവ്വീസിലേയ്ക്ക് നിയമിക്കുവാനുമുള്ള ശിപാർശ പൊതുവിദ്യാഭ്യാസ ഡയറക്ടർ ലഭ്യമാക്കുകയുണ്ടായി. പ്രസ്തുത ശിപാർശയും കണ്ണൂർ ഉപ വിദ്യാഭ്യാസ ഡയറക്ടർ ലഭ്യമാക്കിയ തുടർ റിപ്പോർട്ടുകളും സർക്കാർ വിശദമായി പരിശോധിക്കുകയും മേൽ പട്ടികയിൽ പറഞ്ഞിട്ടുള്ള 25 തസ്തികകൾ സൃഷ്ടിക്കുകയും ചെയ്യുന്നു.

പ്രസ്തുത സ്കൂൾ സർക്കാർ ഏറ്റെടുത്തപ്പോൾ താഴെപ്പറയുന്ന 22 ജീവനക്കാരാണ് സ്കൂളിൽ ജോലിചെയ്തിരുന്നത് :

Sl. No.	NAME	PRESENT DESIGNATION	QUALIFICATION	DATE OF BIRTH	POSTING DATE
1	SHRI.SHIBU.K	Head Master	Msc, MEd, NET	24.1.1980	2.4.2013
2.	SMT..SUGUNA.N.M	HST(NS)	Msc, B.Ed	12.4.1968	4.6.2004
3	SMT.THANKAMANY.K	HST(PS)	Bsc, B.Ed	1.3.1964	7.6.2004
4	SMT.REKHA.P.K	HST(SS)	MA, B.Ed, SET	30.5.1973	1.12.2004
5	SMT.USHA.K.V	HST(Maths)	BSc, B.Ed	7.2.1978	18.7.2008
6	SMT.SHYNI.M.V	LPST	MA, B.Ed	13.9.1982	01.08.2011
7	SMT.JAYANTHI.T.M	HST (Hindi)	MA, B.Ed	12.12.1965	17.7.2006
8	SMT.SUNITHA.M	LG (Hindi)	MA, BEd	16.5.1974	25.5.2007
9	SHRI.SANTHOSH KUMAR.C	UPST	M.Com, B.Ed, SET	23.3.1972	1.5.2003
10	SMT.SUMITHRA.N	UPST	BSC, B.Ed	14.5.1974	11.7.2005
11	SMT.HEMALATHA.K	UPST	MA, B.Ed	18.8.1977	26.6.2006
12	SMT.SULOCHANA. T.V	UPST	MA, B.Ed, SET	3.1.1973	4.6.2007
13	SMT.JYOTHI.P.U	HST Malayalam	MA, B.Ed, SET	30.5.1972	19.11.2009
14	SMT.VINITHA.K	UPST	BSC, B.Ed	01.5.1975	5.8.2008
15	SMT.REESHA.K	LPST	BA, B.Ed	31.10.1980	01.08.2011
16	SMT.SARIGA.K	Computer Teacher	BSC Computer Science	6.5.1991	7.8.2013
17	SMT.ANITHA.K	Pre Primary Teacher	BA	20.4.1971	6.6.2005
18	SMT.BINDU.T	Clerk	Pre Degree	6.12.1974	4.6.2007
19	SMT.REMA.K.V	Office Attendant	SSLC	30.7.1968	11.6.2003
20.	SMT.SREEKALA.P	Pre-Primary Teacher	RashtraBhasha (Praveen)	26.7.1962	12.7.2007
21.	SMT.PREMATHA.K.P	Music Teacher	MA Music	28.3.1982	01.8.2011
22.	SMT.REMANI.K	Ayah	VIIth class	7.5.1970	26.7.2010

മേൽ പട്ടികയിലുള്ള ശ്രീ.കെ.ഷിബുവിന് സർക്കാർ ജോലി ലഭിച്ചതിനാൽ സ്കൂളിൽ നിന്നും വിടുതൽ വാങ്ങി.

മേൽപ്പറഞ്ഞ ജീവനക്കാരിൽ ശ്രീമതി ശ്രീകല പി., ശ്രീമതി തങ്കമണി കെ., ശ്രീമതി ജയന്തി പി.യു. എന്നിവരുടെ ജനനതീയതി യഥാക്രമം 26.7.1962, 1.3.1964, 12.12.1965 എന്നിവയായതിനാൽ ഈ ജീവനക്കാർ ക്ക് 5 6 വയസ് പൂർത്തിയായിക്കഴിഞ്ഞിട്ടുണ്ട്. നിലവിൽ സർക്കാർ ജീവനക്കാരുടെ വിരമിക്കൽ പ്രായം 56 വയസ്സ് ആയതിനാൽ ഇവരെ സർക്കാർ സർവ്വീസിൽ അബ്സോർബ് ചെയ്യാൻ സാധിക്കില്ല. മേൽപ്പറഞ്ഞ ജീവനക്കാരിൽ ശ്രീമതി.സരിഗ കെ, ശ്രീമതി പ്രേമദ കെ, ശ്രീമതി രമണി കെ. എന്നിവർക്ക് കെ.ഇ.ആർ പ്രകാരമുള്ള യോഗ്യതയില്ലാത്തതിനാൽ അവരെ ഇപ്പോൾ ജോലിചെയ്യുന്ന തസ്തികകളിൽ സ്ഥിരപ്പെടുത്തുന്നത് സംബന്ധിച്ച് വിശദമായ പരിശോധന ആവശ്യമായതിനാൽ പ്രസ്തുത ജീവനക്കാരുടെ കാര്യത്തിൽ പ്രത്യേകം വിശദമായി പരിശോധിച്ച് അവരെ നിലനിർത്തുന്നത് സംബന്ധിച്ച് പ്രത്യേക ഉത്തരവ് പിന്നീട് പുറപ്പെടുവിക്കുന്നതാണ്. പ്രസ്തുത ഉത്തരവ് പുറപ്പെടുവിക്കുന്നതുവരെ നിലവിൽ തുടരുന്നതുപോലെ ടി ജീവനക്കാരെ ദിവസവേതനാടിസ്ഥാനത്തിൽ തുടരാൻ അനുവദിക്കുന്നു. 4. താഴെപ്പറയുന്ന ജീവനക്കാർക്ക് ബിരുദമോ, ബിരുദാനന്തര ബിരുദമോ അതോടൊപ്പം ബി.എഡ് യോഗ്യതയോ ഉള്ളതായി കാണുന്നു. SET ഇല്ലാത്തതും K-TET യോഗ്യത നേടാത്തവരുമായ ജീവനക്കാർക്ക് ഇളവ് നല്കിയാൽ മാത്രമേ അധ്യാപക തസ്തിയിലേയ്ക്ക് നിയമിക്കാൻ സാധിക്കുകയുള്ളൂ.

Sl.No.	NAME	PRESENT DESIGNATION	QUALIFICATION	DATE OF BIRTH	POSTINC DATE
1	SMT.SUGUNA.N.M	HST(NS)	Msc, B.Ed	12.4.1968	4.6.2004
3	SMT.USHA.K.V	HST(Maths)	BSc, B.Ed	7.2.1978	18.7.2008
4	SMT.SHYNI.M.V	LPST	MA, B.Ed	13.9.1982	01.08.201
5	SMT.SUNITHA.M	LG (Hindi)	MA, BEd	16.5.1974	25.5.2007
7	SMT.SUMITHRA.N	UPST	BSC, B.Ed	14.5.1974	11.7.2005
8	SMT.HEMALATHA.K	UPST	MA, B.Ed	18.8.1977	26.6.2006
11	SMT.VINITHA.K	UPST	BSC, B.Ed	01.5.1975	5.8.2008
12	SMT.REESHA.K	LPST	BA, B.Ed	31.10.1980	01.08.201

സ്കൂൾ ഏറ്റെടുത്ത സമയം മുതൽ പ്രസ്തുത സ്കൂളിൽ ക്ലാർക്ക്, ഓഫീസ് അറ്റൻഡന്റ് തസ്തികകളിൽ ജോലി ചെയ്തുവരുന്ന ശ്രീമതി ബിന്ദു.റ്റി, ശ്രീമതി.രമ.കെ.വി എന്നിവരെ ഇപ്പോൾ തുടരുന്നതുപോലെ ക്ലർക്ക്, ഒഫീസ് അറ്റൻഡന്റ് തസ്തികകളിൽ താഴെ പറയുന്ന വ്യവസ്ഥകൾക്ക് വിധേയമായി നിയമിക്കാൻ അനുമതി നല്കുന്നു. പരിയാരം മെഡിക്കൽകോളേജ് പബ്ലിക് സ്കൂളിൽ പ്രീ-പ്രൈമറി വിഭാഗം പ്രവർത്തിക്കുന്നതിനാൽ പ്രീ-പ്രൈമറി അദ്ധ്യാപികയായി ജോലി നോക്കിവരുന്ന ശ്രീമതി അനിത.കെ - യെ പരാമർശം 4, 7 എന്നിവ പ്രകാരം 12,500/- രൂപ (പന്ത്രണ്ടായിരത്തി അഞ്ഞൂറ് രൂപ) ഓണറേറിയം നല്കി പ്രീ-പ്രൈമറി ടീച്ചർ ആയി സ്കൂളിൽ നിലനിർത്തുന്നതിനും അനുമതി നല്കുന്നു.

<u>വ്യവസ്ഥകൾ</u>

ഒന്ന്) സർക്കാർ സർവ്വീസിലേയ്ക്ക് നിയമിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്ന തീയതി മുതൽ മാത്രം ടി ജീവനക്കാരെ സ്ഥിരപ്പെടുത്തേണ്ടതാണ്.

രണ്ട്) സ.ഉ.(പി) നം.31/2018/ധന തീയതി 03.03.2018 ലെ വ്യവസ്ഥ പ്രകാരം, സ്ഥിരപ്പെടുത്തുന്ന തീയതി മുതൽ മാത്രമേ ആനുകൂല്യങ്ങൾക്ക് അർഹത ഉണ്ടായിരിക്കുകയുള്ളൂ. അതിനു മുമ്പെയുള്ള സർവ്വീസ്, ഉദ്യോഗക്കയറ്റം, മറ്റ് സേവനാനുകൂല്യങ്ങൾ, പെൻഷൻ, എന്നിവ ഉൾപ്പെടെയുള്ള യാതൊരു ആനുകൂല്യങ്ങൾക്കും പരിഗണിക്കില്ല. ഇത് സംബന്ധിച്ച് എല്ലാ ജീവനക്കാരും 200/- രൂപ മുദ്രപത്രത്തിൽ സത്യവാങ്മൂലം സർക്കാരിൽ സമർപ്പിക്കേണ്ടതാണ്. സത്യവാങ്മൂലത്തിന്റെ മാതൃക പിന്നാലെ പുറപ്പെടുവിക്കുന്നതാണ്. K - T E T നേടുന്നതിൽ ഇളവ് ആവശ്യമുള്ള ജീവനക്കാർ സത്യവാങ്മൂലത്തോടൊപ്പം അതിനുള്ള അപേക്ഷയും പൊതുവിദ്യാഭ്യാസ ഡയറക്ടർ മുഖാന്തിരം സമർപ്പിക്കേണ്ടതാണ്. അപേക്ഷയും സത്യവാങ്മൂലവും സമർപ്പിക്കുന്ന മുറക്കുമാത്രമേ ജീവനക്കാരെ നിയമിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുകയുള്ളൂ.

മൂന്ന്) സർക്കാർ സർവ്വീസിലേയ്ക്ക് നിയമിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്ന തീയതി അടിസ്ഥാനപ്പെടുത്തിയാണ് ഇവരുടെ സീനിയോറിറ്റി നിശ്ചയിക്കേണ്ടത്.

നാല്) ഇവരുടെ ശമ്പള സ്കെയിലും ആനുകൂല്യങ്ങളും പൊതു സർക്കാർ ഉത്തരവിന് വിധേയമായിരിക്കും.

(ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം)

എ പി എം മുഹമ്മദ് ഹനീഷ്
പ്രിൻസിപ്പൽ സെക്രട്ടറി

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
ഉപവിദ്യാഭ്യാസ ഡയറക്ടർ, കണ്ണൂർ
ജില്ലാ വിദ്യാഭ്യാസ ഓഫീസർ, തളിപ്പറമ്പ്, കണ്ണൂർ
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ &ഇ), തിരുവനന്തപുരം
പൊതുഭരണ (എസ്.സി) വകുപ്പ് (ഇനം നം.338)
ധനകാര്യ വകുപ്പ് (ന.1220642/വിദ്യാ എ2/102/2019)

സ.ഉ.(കൈ) നം.117/2022/GEDN

വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്

കരുതൽ ഫയൽ /ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by Priyanka T V
Date: 04-07-2022 09:19:48
സെക്ഷൻ ഓഫീസർ

പകർപ്പ്: പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ്സെക്രട്ടറിക്ക്

പൊതുവിദ്യാഭ്യാസ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ യ്ക്ക്